## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനമ്പർ : T 6738

12.07.2012-ൽ
മറുപടിക്ക്.

### തിരുവനന്തപുരം - കാസർഗോഡ് അതിവേഗ ഇടനാഴി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.ബേബി<br>ശ്രീ. പി.റ്റി. എ. റഹീം<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം - കാസർഗോഡ് അതിവേഗ ഇടനാഴി എന്ന പ്രഖ്യാപനത്തിൽ നിന്ന് പിന്നോട്ടുപോയിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) ഇല്ലെങ്കിൽ അതിനായി ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി)കേരളാ ഹൈസ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനി സർക്കാർ ഉടമസ്ഥതയിൽ രൂപീകരിച്ചു. ഡി.എം.ആർ.സി, ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിച്ചു. വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) ഡി.എം.ആർ.സി തയ്യാറാക്കി വരുന്നു. സർക്കാർ തലത്തിൽ ചർച്ചകൾ നടന്നുവരുന്നു. ഡി.എം.ആർ.സി, അലൈൻമെന്റ് സർവ്വെ നടത്തിവരുന്നു. |
| (സി) പ്രസ്തുത ഇടനാഴിക്കായി എത്ര കോടി രൂപയാണ് ആവശ്യമായി വരുന്നത്; അതിൽ സർക്കാർ ഷെയർ എത്രയാണ്; | (സി) തിരുവനന്തപുരം - കാസർഗോഡ് അതിവേഗ പാതയ്ക്ക് ഉദ്ദേശം 1,18,000 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. ഇതിൽ 15% കേരള സർക്കാർ ഷെയറാണ്. |
| (ഡി) ഇതിനായി സർക്കാർ പണം നീക്കി വച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ? | (ഡി) സംസ്ഥാന ബജറ്റിൽ 60 കോടി രൂപ പ്രാഥമിക പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ